# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2015 ജൂലൈ 24, വെള്ളി

## കാര്യവിവരപ്പട്ടിക

**1. ചോദ്യങ്ങൾ :**

പ്രത്യേക ലിസ്റ്റിൽ കൊടുത്തിട്ടുള്ള ചോദ്യങ്ങൾ ചോദിക്കുകയും അവയ്ക്ക് മറുപടി പറയുകയും ചെയ്യുന്നതാണ്.

**2. ശ്രദ്ധക്ഷണിക്കൽ :**

(1) കാർഷിക മേഖലയിൽ മാരകമായ കീടനാശിനി ഉപയോഗം കുറയ്ക്കുന്നതിന് സംസ്ഥാനത്ത് ജൈവ കൃഷി പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. പാലോട് രവി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

(2) സംസ്ഥാനത്തെ കോർപ്പറേഷൻ-മുനിസിപ്പൽ ശുചീകരണ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനവും ആരോഗ്യകരമായ തൊഴിൽ സാഹചര്യവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. ജെയിംസ് മാത്യു നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

**3. മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ :**

ചട്ടം 47(2) അനുസരിച്ചുള്ള പ്രത്യേക ലിസ്റ്റ് പ്രകാരം

**4. റിപ്പോർട്ട് സമർപ്പണം :**

(1) വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി IV-ന്റെ അദ്ധ്യക്ഷനുമായ ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

(2) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷൻ ശ്രീ. സി.പി. മുഹമ്മദ് സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

**5. ധനകാര്യം:**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ.എം. മാണി 2015-2016 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റുകൾ മേശപ്പുറത്തു വയ്ക്കുന്നതാണ്.

**6**. <u>**അനൗദ്യോഗികാംഗങ്ങളുടെ കാര്യം :**</u>

(രാവിലെ 10 മണി മുതൽ ഉച്ചയ്ക്കുശേഷം 12.30 വരെ)

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഇരുപത്തി മൂന്നാമത് റിപ്പോർട്ട് പരിഗണന.

(2) സാമാന്യമായി പൊതുതാൽപര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ.

(ലിസ്റ്റ് നേരത്തേ വിതരണം ചെയ്തിട്ടുണ്ട്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,<br>
തിരുവനന്തപുരം,<br>
2015 ജൂലൈ, 23

പി.ഡി. ശാരംഗധരൻ,<br>
സെക്രട്ടറി.

**THIRTEENTH KERALA LEGISLATIVE ASSEMBLY**

**Fourteenth Session**

Friday, July 24, 2015

**LIST OF BUSINESS**

I. **Questions:**

Questions entered in the separate list to be asked and answered.

II. **Calling Attention:**

(1) Shri. Palode Ravi to call the attention of the Minister for Agriculture, Animal Husbandry, Printing and Stationery to the necessity to promote organic farming in the State in order to reduce the use of hazardous pesticides in agricultural sector.

(2) Shri. James Mathew to call the attention of the Minister for Urban Affairs and Welfare of Minorities to the necessity to take steps to ensure better wages and healthy working conditions to the sanitation workers in the Corporations and Municipalities of the State.

III. **Papers to be Laid :**

As per separate List under Rule 47 (2)

IV. **Presentation of Reports :**

(1) Shri. P.K. Kunhalikutty, Minister for Industries and Information Technology and Chairman, Subject Committee-IV to present the Report of the Subject Committee on The Kerala Cashew Factories (Acquisition) Amendment Bill, 2015.

(2) Shri. C. P. Mohammed, Chairman, Committee on Environment to present the Fifteenth Report of the Committee.

V. **Financial Business :**

Shri. K.M. Mani, Minister for Finance, Law and Housing to lay on the table the Supplementary Financial Statement for the year 2015-2016.

**VI. <u>Private Members' Business</u>** :

( 10.00 a.m to 12.30 p.m )

(1) Consideration of the Twenty Third Report of the Committee on Private Members' Bills and Resolutions.

(2) Resolutions on matters of general public interest.

(List already circulated)

Secretariat of the Kerala Legislature,
Thiruvananthapuram,
July 23, 2015

P.D. Sarangadharan,
Secretary.